©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
# അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
വെള്ളി
Thiruvananthapuram,
Friday

2025 സെപ്റ്റംബർ 26
26th September 2025
1201 കന്നി 10
10th Kanni 1201
1947 ആശ്വിനം 4
4th Aswina 1947

നമ്പർ
No.
3441

### കേരള നിയമസഭാ സെക്രട്ടേറിയറ്റ്

വിജ്ഞാപനം

നം. KLS/8033/2025-Legin2. തീയതി, തിരുവനന്തപുരം 2025 സെപ്റ്റംബർ 26

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 69 (1) പ്രകാരം 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ, ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തോടും ധനകാര്യ മെമ്മോറാണ്ടത്തോടും കൂടി പ്രസിദ്ധപ്പെടുത്തുന്നു.

*ഡോ. എൻ. കൃഷ്ണ കുമാർ*
*സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ. 282

# 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ

1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടും 2010-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്ടും 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ടും 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടും 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ടും വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.- 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടും (1986-ലെ 31) 2010-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്ടും (2011-ലെ 5), 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ടും (2013-ലെ 24) 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടും (2015-ലെ 17) 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ടും (2021-ലെ 1) ഇനിപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

1. ചുരുക്കപ്പേരും പ്രാരംഭവും.- (1) ഈ ആക്ടിന് 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ആക്ട് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 1986-ലെ 31-ാം ആക്ടിനുള്ള ഭേദഗതി.- 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ (1986-ലെ 31), 18-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:-

"18എ. സിൻഡിക്കേറ്റിന്റെ യോഗം.- സിൻഡിക്കേറ്റ് ഏറ്റവും കുറഞ്ഞത് രണ്ടു മാസത്തിൽ ഒരിക്കലെങ്കിലും വൈസ്-ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്:

എന്നാൽ, സിൻഡിക്കേറ്റിന്റെ ആകെയുള്ള അംഗങ്ങളിൽ മൂന്നിലൊന്ന് അംഗങ്ങൾ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

രേഖാമൂലം അഭ്യർത്ഥിക്കുന്ന പക്ഷം ഏഴ ദിവസത്തിനുള്ളിൽ സിൻഡിക്കേറ്റിന്റെ ഒരു യോഗം വൈസ്-ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്.".

3. 2011-ലെ 5-ാം ആക്ടിനുള്ള ഭേദഗതി.- 2010-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്ടിൽ (2011-ലെ 5), 15-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ "മൂന്നിൽ ഒന്നിൽ കൂടുതൽ" എന്നീ വാക്കുകൾക്ക് പകരം "മൂന്നിൽ ഒന്ന്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.".

4. 2013-ലെ 24-ാം ആക്ടിനുള്ള ഭേദഗതി.- 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ടിൽ (2013-ലെ 24), 14-ാം വകുപ്പ് (6)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:-

"(7) നിർവ്വാഹകസമിതി ഏറ്റവും കുറഞ്ഞത് രണ്ട മാസത്തിൽ ഒരിക്കലെങ്കിലും വൈസ്-ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്:

എന്നാൽ, നിർവ്വാഹകസമിതിയിലെ ആകെയുള്ള അംഗങ്ങളിൽ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം അഭ്യർത്ഥിക്കുന്ന പക്ഷം ഏഴ ദിവസത്തിനുള്ളിൽ നിർവ്വാഹകസമിതിയുടെ ഒരു യോഗം വൈസ്-ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്.".

5. 2015-ലെ 17-ാം ആക്ടിനുള്ള ഭേദഗതി.- 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ (2015-ലെ 17), 28-ാം വകുപ്പ് (1)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:-

"എന്നാൽ, സിൻഡിക്കേറ്റിന്റെ ആകെയുള്ള അംഗങ്ങളിൽ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം അഭ്യർത്ഥിക്കുന്ന പക്ഷം ഏഴ ദിവസത്തിനുള്ളിൽ സിൻഡിക്കേറ്റിന്റെ ഒരു യോഗം വൈസ്-ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്.".

6. 2021-ലെ 1-ാം ആക്ടിനുള്ള ഭേദഗതി.- 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ടിൽ (2021-ലെ 1), 27-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയ്ക്ക് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:-

"എന്നുമാത്രമല്ല, സിൻഡിക്കേറ്റിന്റെ ആകെയുള്ള അംഗങ്ങളിൽ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം അഭ്യർത്ഥിക്കുന്ന പക്ഷം ഏഴ ദിവസത്തിനുള്ളിൽ സിൻഡിക്കേറ്റിന്റെ ഒരു യോഗം വൈസ്-ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്തെ സർവ്വകലാശാലകൾ സംബന്ധിച്ചുള്ള ആക്ടുകളിൽ അതതുസംഗതിപോലെ, ആകെയുള്ള അംഗങ്ങളിൽ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം അഭ്യർത്ഥിക്കുന്ന പക്ഷം സിൻഡിക്കേറ്റ്/ഗവേണിംഗ് കൗൺസിൽ/നിർവ്വാഹകസമിതി എന്നിവയുടെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

യോഗം വിളിച്ചുചേർക്കുന്നതിന് വൈസ്-ചാൻസലറെ അധികാരപ്പെടുത്തികൊണ്ടുള്ള ഒരു പുതിയ വ്യവസ്ഥ ഉൾപ്പെടുത്തുന്നതിന് 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ട് (1986-ലെ 31), 2010-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്ട് (2011-ലെ 5), 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ട് (2013-ലെ 24), 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ട് (2015-ലെ 17), 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ട് (2021-ലെ 1) എന്നീ ആക്ടുകളിൽ ഭേദഗതി വരുത്തുവാൻ സർക്കാർ തീരുമാനിച്ചു.

2. മേല്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധികചെലവും ഉണ്ടാകുന്നതല്ല.

ഡോ. ആർ. ബിന്ദു.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.09.27 09:18:30 +05:30